പ്രവർത്തനങ്ങൾക്ക് നല്ല പ്രചരണം കൊടുക്കാനും അവ കൂടുതൽ ഫലപ്രദമായി നടത്താനും എനർജി മാനേജുമെന്റ് സെന്ററിനോട് ആവശ്യപ്പെടാം.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

3 (*182)ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് പ്രസ്ഥാനം മറ്റ് കൊമേഴ്സ്യൽ ബാങ്കിംഗ് മേഖലയോട് കിടപിടിക്കാൻ തക്കവണ്ണം വളർത്തിക്കൊണ്ടു വരുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിക്ഷേപകരെ ആകർഷിക്കുന്നതിനും നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ പരിശോധനാ സമ്പ്രദായങ്ങളാണ് ഇന്ന് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ചില സഹകരണ ബാങ്കുകളിൽ ജീവനക്കാർതന്നെ നിക്ഷേപകരുടേയും മറ്റും പേരിൽ വൻ സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം പ്രവൃത്തികൾ സഹകരണ ബാങ്കുകളിൽ നിക്ഷേപകർക്കും പൊതുജനങ്ങൾക്കുമുള്ള വിശ്വാസം നഷ്ടപ്പെടുമെന്നുള്ളതിനാൽ ഇതിനെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) സഹകരണ ബാങ്കുകളിലെ ഇന്നുള്ള ആഡിറ്റ് സമ്പ്രദായം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് പ്രസ്ഥാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ശ്രീ. ഇ.വി. കുമാരൻ കമ്മിറ്റി ശ്രീ. ആർ. പരമേശ്വരൻപിള്ള കമ്മിറ്റി മുതലായവയുടെ ശുപാർശകളിൽ സർക്കാർ സ്വീകരിച്ചവ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ നിക്ഷേപം, കസ്റ്റമർ സർവീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണബാങ്ക് വാണിജ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇപ്പോൾ മറ്റ് വാണിജ്യബാങ്കുകളെപ്പോലെ കുറ്റമറ്റതായി പ്രവർത്തിച്ചു വരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് പഠിച്ച് സഹകരണബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊഫസർ രഞ്ജിത്ത് കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി ആകർഷകമായ പലിശനിരക്കാണ് അനുവദിക്കുന്നത്. നിക്ഷേപകരെ ആകർഷിക്കുന്നതിനായി എല്ലാവർഷവും സർക്കാരിന്റെ മേൽനോട്ടത്തിൽ നിക്ഷേപസമാഹരണയജ്ഞം നടത്തി വരുന്നുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളിൽ നിക്ഷേപ ഇൻഷ്വറൻസ് ഗ്യാരന്റി പദ്ധതി പ്രാബല്യത്തിലുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ ഒരുലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഓരോ സ്ഥാപനത്തിലും ഇന്റേണൽ ആഡിറ്റ് സമ്പ്രദായവും ശാഖാ പരിശോധനകളും നിലവിലുണ്ട്. ധനസഹായ ബാങ്കുകളിലെയും നബാർഡ്/റിസർവ് ബാങ്ക് തുടങ്ങിയവയിലെയും സഹകരണവകുപ്പിലെയും ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നുണ്ട്. കൂടാതെ സഹകരണവകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റും നിലവിലുണ്ട്. ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്കിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റേയും കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ അവർക്ക് വിവിധ കാലയളവിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ ഫലപ്രദമായി തടയുന്നതിന് സഹകരണവകുപ്പിലെ വിവിധ ഉദ്യോഗസ്ഥതലത്തിൽ കാലാകാലങ്ങളിൽ നടത്തേണ്ട പരിശോധന കാര്യക്ഷമമാക്കുന്നതിനും സഹകരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം ശക്തമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുരുതരമായ സാമ്പത്തികക്രമക്കേടുകൾ അന്വേഷിക്കുന്നതിന് പോലീസ് വകുപ്പിനോടും സംസ്ഥാന വിജിലൻസ് വിഭാഗത്തോടും ആവശ്യപ്പെടാറുണ്ട്.

(എഫ്) സഹകരണബാങ്കുകളിലെ ആഡിറ്റ് സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സഹകരണവകുപ്പിലെ ആഡിറ്റർമാർക്ക് ഐ.എം.ജി., ആർ.ബി.ഐ., നബാർഡ് എന്നിവയുടെ സഹകരണത്തോടെ പ്രായോഗിക പരിശീലനം നൽകിവരുന്നുണ്ട്. ബാങ്കുകളുടെ പ്രവർത്തനവിപുലത, ഇടപാടുകളുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വകുപ്പിലെ ഉന്നതതസ്തികകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ആഡിറ്റർമാരായി നിയമിക്കുന്നുണ്ട്. സഹകരണ ആഡിറ്റ് മാനുവൽ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആഡിറ്റ് വിഭാഗം ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ ചുമതലയിലാക്കാനുള്ള നിർദ്ദേശം സഹകരണ നിയമത്തിന്റെ സമഗ്രഭേദഗതിയ്ക്കുള്ള ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : വിവിധമേഖലകളിലാണ് സഹകരണസ്ഥാപനങ്ങൾ ഇന്ന് പ്രവർത്തിക്കുന്നത്. അതിൽ ഏറ്റവും സുപ്രധാനമായ സ്ഥാനം സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കുണ്ട്. താലൂക്കടിസ്ഥാനത്തിൽ കേരളത്തിൽ 44 ബാങ്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവയുടെ പ്രയോജനം ഫലപ്രദമായി ലഭിക്കുന്നതിന് ബ്ലോക്കടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : നിലവിലുള്ള ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ബൈലായ്ക്ക് വിധേയമായിട്ടാണ് അത് പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിശോധിച്ചശേഷമേ പറയാനൊക്കൂ.

ശ്രീ. എ. അലി ഹസ്സൻ : കൃഷി, മൃഗസംരക്ഷണം, കാർഷികം, വ്യാവസായികം, ഭവനനിർമ്മാണം, വെഹിക്കിൾസ് തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് നബാർഡിന്റെ സഹായത്തോടുകൂടിയാണ് കാർഷിക ഗ്രാമവികസന ബാങ്കുകൾ ദീർഘകാലവായ്പകൾ നൽകുന്നത്. സ്വന്തമായി ഫണ്ടില്ല. മറ്റു ബാങ്കുകളെപ്പോലെതന്നെ നിക്ഷേപം സമാഹരിക്കുന്നതിനും സ്വർണ്ണപ്പണയത്തിൻമേൽ പണം കൊടുക്കുന്നതിനും ആവശ്യമായ അനുവാദം ഈ ബാങ്കുകൾക്ക് നൽകുമോ?

ശ്രീ. എസ്. ശർമ്മ : നിക്ഷേപ സമാഹരണത്തിന് നിലവിൽ സഹകരണമേഖലയിൽ സ്വീകരിച്ചുവരുന്നതിൽനിന്ന് വ്യത്യസ്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അത് സഹകരണമേഖലയ്ക്ക് പ്രയോജനകരമായിരിക്കുമെന്ന് ഗവണ്മെന്റ് കണക്കാക്കുന്നില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സഹകരണസംഘങ്ങളെ ഗ്രാമപഞ്ചായത്ത് ഭരണസംവിധാനത്തിന്റെ സാമ്പത്തിക മേഖലയായി രൂപാന്തരപ്പെടുത്തുകയും ഒരു പഞ്ചായത്തിൽ ഒരു സഹകരണസംഘം എന്ന അടിസ്ഥാനത്തിൽ ബാങ്ക് സമാഹരിക്കുന്ന പണം കൂടി വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അതിനൊക്കെ നിയമം വേണം.

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള പ്രശ്നം കണക്കിലെടുത്തുകൊണ്ടാണ് സഹകരണ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. സഹകരണസ്ഥാപനങ്ങൾക്ക് അംഗത്വം നൽകുക എന്ന് ആ ആക്ടിൽ നിർദ്ദേശിക്കുന്നതിന് അടിസ്ഥാനമായിട്ടുള്ളത് അതാണ്. ഈ പറഞ്ഞ കാര്യങ്ങൾ ഭാവിയിൽ ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിക്കുക എന്നുള്ള ഉദ്ദേശംവച്ചുകൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കാർഷിക കടങ്ങളുടെ ഇന്നത്തെ പരമാവധി സംഖ്യ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ ആ സംഖ്യ വളരെ കുറവാണ്. സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : എൻ.ആർ.ഐ. ഡെപ്പോസിറ്റ് സൗകര്യങ്ങൾ സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : സഹകരണമേഖലയെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച ശ്രീ. ഇ.വി. കുമാരൻ കമ്മിറ്റിയുടെ ശുപാർശകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു എൻ.ആർ.ഐ. നിക്ഷേപം ജില്ലാ ബാങ്കുകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളത്. അത് പരിഗണിച്ചുകൊണ്ട് ഗവണ്മെന്റ് റിസർവ് ബാങ്കിന് കത്തെഴുതുകയും റിസർവ് ബാങ്കിന്റെ ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞമാസം നടത്തിയ ചർച്ചയിൽ റിസർവ് ബാങ്ക് ഒരു പ്രിൻസിപ്പിൾ എന്നുള്ള നിലയിൽ അത് അംഗീകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സുപ്രധാനമായ വികസന പ്രവർത്തനങ്ങൾക്ക് ബാങ്കുകളുടെ ധനസഹായം ഉൾപ്പെടെ വരുത്തുക എന്നുള്ളത് പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമാണ്. ഇത് കണക്കിലെടുത്ത് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഇതുസംബന്ധിച്ച് കൺസോർഷ്യം ഉണ്ടെന്ന് പത്രത്തിൽ വാർത്ത വന്നിരുന്നു. അതുസംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. എസ്. ശർമ്മ : സഹകരണമേഖലയിലെ മിച്ച ഫണ്ട് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനുവേണ്ടി ഒരു പൂളിലേയ്ക്ക് കൊണ്ടുവരികയെന്നുള്ളതും കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് പ്രവർത്തനം നടത്തുകയെന്നുള്ളതും സെലക്ട് കമ്മിറ്റിയ്ക്ക് വിട്ടിരിക്കുന്ന ഭേദഗതിനിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. അത് സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ആക്ടായി വരുന്നതിനുള്ള ചർച്ചാവേളയിൽ കൂട്ടായി ആലോചിച്ച് തീരുമാനിക്കാം.

ശ്രീ. ജി. സുധാകരൻ : സർപ്ലസ് ഫണ്ട് പൊതുവെ വികസന പ്രവർത്തനങ്ങൾക്കും മറ്റും വിനിയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നുള്ളതുകൊണ്ട് കാർഷികാവശ്യങ്ങൾക്ക് മാറ്റിവയ്ക്കുന്ന തുകയിൽ കുറവുവരുന്നതായി ചില പ്രചരണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ പ്രചരണത്തിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യം കേരളത്തിലെ പ്രധാനപ്പെട്ട ചില പത്രങ്ങളിൽ വിമർശനമെന്ന രൂപത്തിൽ ഒരു സന്ദർഭത്തിൽ ഉയർന്നുവന്നിരുന്നു. ഗവണ്മെന്റ് അതുസംബന്ധിച്ച് ഒരു പരിശോധന നടത്തിയിരുന്നു. അതിൽനിന്ന് കാണാൻ കഴിഞ്ഞത് കാർഷികമേഖലയ്ക്ക് നൽകിവരുന്ന വായ്പ യഥാർത്ഥത്തിൽ കേരളത്തിൽ വർദ്ധിച്ചുവരികയാണ് ചെയ്തിട്ടുള്ളത് എന്നാണ്. സർപ്ലസ് ഫണ്ട് വികസനാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്നതുകൊണ്ട് കാർഷികാവശ്യങ്ങൾക്കുള്ള വായ്പ നൽകുന്നതിന് ഒരു തടസ്സവും ഒരിക്കലും ഉണ്ടാവുകയില്ലെന്നും അത് ഇനിയും കൂടുതൽ നൽകാൻ കഴിയുമെന്നുള്ളതിന്റെ സാധ്യതയാണ് ഈ മേഖലയിലുള്ളത്.

ശ്രീ. ജി. സുധാകരൻ : സഹകരണമേഖലയിൽ നിലവിലുണ്ടായിരുന്ന നിയമപ്രകാരം നിയമനങ്ങൾ നടത്തുന്നതിന് ഇപ്പോൾ നിരോധനമുണ്ടോ; ഉണ്ടെങ്കിൽ അത്യാവശ്യം നിയമനം നടത്തുന്നതിന് സഹകരണബാങ്കുകൾക്ക് എന്ത് അനുവാദമാണ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : സഹകരണ ബാങ്കുകളിൽ ജില്ലാ ബാങ്കുകൾക്ക് മുകളിലോട്ടുള്ള അപ്പെക്സ് ബാങ്കുകളിലെ നിയമനം പി.എസ്.സി. ക്ക് വിടുകയാണ് ചെയ്തിട്ടുള്ളത്. പ്രൈമറി സംഘങ്ങളിലെ, പ്രത്യേകിച്ച് ക്രെഡിറ്റ് സംഘങ്ങളിലെ നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആയിരിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി അടുത്തകാലത്ത് നിർദ്ദേശിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ചില സംഘങ്ങൾ കോടതിയിൽ ആ വിധി പുനഃപരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് അപ്പീൽ പെറ്റീഷനും കൊടുത്തിട്ടുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപ-വായ്പാ അനുപാതവുമായി താരതമ്യപ്പെടുത്തുമ്പോൾ സഹകരണ ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനം കുറെയൊക്കെ ആശാവഹമാണ്. പക്ഷെ ഇപ്പോഴത്തെ ട്രെന്റ് കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ട് അത് കുറഞ്ഞുവരുന്നു

എന്നുള്ളതാണ്. 1988-ൽ 217 ശതമാനമായിരുന്നുവെങ്കിൽ 1997-ൽ 132 ശതമാനമായി ചുരുങ്ങി. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ മൊത്തത്തിൽ നോക്കുമ്പോൾ ഈ മേഖലയിൽ ബെറ്ററാണ്. പക്ഷേ ഇപ്പോൾ കുറഞ്ഞുകൊണ്ടിരിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് കൂറയാതിരിക്കുവാനുള്ള കരുതൽ നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെന്റ് നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ബാങ്കുകളുടെ നിക്ഷേപം കുടിവരികയാണ്. അതിന്റെ അനുപാതമനുസരിച്ച് വായ്പകളുടെ കാര്യം ഇനിയും കൂട്ടേണ്ടതായിട്ടുണ്ട്.

<u>ശ്രീമതി ആർ. ലതാദേവി</u> : ജില്ലാ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ വാർഷിക പൊതുയോഗങ്ങൾ കൂടാറില്ല. ഇങ്ങനെ വാർഷിക പൊതുയോഗങ്ങൾ കൂടാതെയുള്ള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അവയുടെ വാർഷിക പൊതുയോഗം കൂടുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ജില്ലാ സഹകരണ ബാങ്കുകളിൽ യഥാസമയം ജനറൽബോഡി കൂടുന്നുണ്ട്. അതാത് സ്ഥലങ്ങളിലുള്ള ബാങ്കുകളുടെ ബൈലായ്ക്കനുസരിച്ച നടപടിക്രമമാണ് സ്വീകരിച്ചുവരുന്നത്. പ്രത്യേകിച്ച് എന്തെങ്കിലും വിധത്തിൽ മനഃപൂർവ്വമായി സഹകരണമേഖലയ്ക്ക് നിരക്കാത്ത പ്രവണത ഏതെങ്കിലും സർവ്വീസ് ബാങ്കുകളുടെ ഭാഗത്ത് ഉണ്ടെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ പ്രത്യേകിച്ച് ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം.

<u>ശ്രീ. ഉമ്മൻചാണ്ടി</u> : സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കുന്നതിനുള്ള വിജിലൻസ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. പക്ഷെ ഇങ്ങനെയുള്ള അന്വേഷണം വളരെ നീണ്ടുപോകുന്നു എന്നുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കോട്ടയം ജില്ലയിലെ ഇളങ്കുളം ബാങ്ക് നമ്മുടെ സംസ്ഥാനത്ത് വച്ച് ഏറ്റവും വലിയ സാമ്പത്തിക ക്രമക്കേട് നടത്തിയ ബാങ്കാണ്. അത് കണ്ടുപിടിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. വിജിലൻസ് റിപ്പോർട്ട് വന്നിട്ട് ഒരു വർഷം കഴിഞ്ഞു. ഹൈക്കോടതി ഇടപെട്ടപ്പോൾ മൂന്നരക്കോടി രൂപയുടെ അഴിമതി കണ്ടെത്തിയെന്ന് വിജിലൻസ് ഹൈക്കോടതിയിൽ റിപ്പോർട്ട് കൊടുത്തു. പക്ഷേ അനന്തര നടപടികൾ നീണ്ടുപോകുന്നു. ഇതുപോലുള്ള പ്രശ്നങ്ങൾ തീർക്കുവാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ഈ ചോദ്യം അൺസ്റ്റാർഡ് കസ്റ്റ്യനായി അങ്ങയുടെ പേരിൽ ഇന്ന് വന്നിട്ടുണ്ട്. ഞാൻ അതിന് ആൻസർ ചെയ്തിട്ടുണ്ട്. വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവണ്മെന്റ് നല്കിയത് ഞാൻ ആവർത്തിക്കുന്നു. ഒരു കാര്യം വ്യക്തമാണ്. ഏത് സംഘങ്ങളിലായാലും ഏത് സ്ഥാപനങ്ങളിലായാലും സാമ്പത്തിക ക്രമക്കേടുകൾ നടന്നു കഴിഞ്ഞാൽ അത് അന്വേഷിച്ച് അതിവേഗത്തിൽ നടപടി സ്വീകരിക്കുന്നതായിരിക്കും. മാത്രമല്ല, ഇതുപോലെ വേറെ കുറെ സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളത് പുറത്തുകൊണ്ടുവരുക എന്നുള്ള സമീപനം സ്വീകരിച്ചുകൊണ്ടാണ് എല്ലാം വിജിലൻസിന് വിട്ടത്. അല്ലെങ്കിൽ വിജിലൻസിന് വിടാതെ ഡിപ്പാർട്ടുമെന്റ് എൻക്വയറി നടത്തിയില്ലല്ലോ; അതൊന്നും ഉദ്ദേശിക്കുന്നില്ല എന്നുള്ള കാര്യം പ്രകടമാണല്ലോ; അതിവേഗത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവണ്മെന്റ് കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ശൈജ ടീച്ചർ : നമ്മുടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വനിതാ പ്രാഥമിക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വനിതാ പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്ത് നടപടിയാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എസ്. ശർമ്മ : വനിതാ പ്രാഥമിക സംഘങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു എന്നതല്ലാതെ പ്രത്യേകിച്ച് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. കൂടുതൽ ശക്തമാക്കണം എന്നതാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ ചോദ്യം കൂടി കണക്കിലെടുത്തുകൊണ്ട് ഗവണ്മെന്റ് പരിശോധിക്കാം.

ശ്രീ. കെ.എം. മാണി : സഹകരണ ബാങ്കുകളിലെ പണം നിക്ഷേപകരുടേതാണ്. ഓഹരിക്കാരുടേതാണ്. ആ പണം റെമ്യൂണറേറ്റീവ് സ്കീംസിൽ അല്ലാതെ സാധാരണ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നത് ബാങ്കിന്റെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റിയെ ബാധിക്കുമെന്നുള്ളത് ഗവണ്മെന്റിന് അറിയാമല്ലോ; ഈ അടുത്തകാലത്ത് കേരളത്തിൽ സഹകരണമേഖലയിൽ ഒരു മെഡിക്കൽകോളേജ് സ്ഥാപിക്കുവാൻ സഹകരണ അക്കാദമിക് 14 കോടി രൂപ കൊടുക്കുവാൻ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി, സഹകരണസ്ഥാപനങ്ങൾക്ക് നിർദ്ദേശവും കൊടുക്കുകയുണ്ടായി, കൃഷിക്കാരുടെ താല്പര്യങ്ങളെ ഹനിക്കുമെന്നുള്ളതുകൊണ്ട് നബാർഡ് തടഞ്ഞു. അത് സഹകരണ സ്ഥാപനങ്ങളുടെ സ്റ്റെബിലിറ്റിയെ ബാധിക്കും, കൃഷിക്കാരുടെ താല്പര്യങ്ങളെ ഹനിക്കും എന്നല്ലേ നബാർഡ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഈ നയം തിരുത്തുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജും മെഡിക്കൽകോളേജും ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി സഹകരണ വകുപ്പുമന്ത്രി വൈസ് ചെയർമാനായി കേരളത്തിലെ 14 ജില്ലാ ബാങ്ക് പ്രസിഡന്റുമാർ അംഗങ്ങളായി ഒരു സമിതി, കാബിനറ്റ് ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സഹകരണചട്ടം 56 അനുസരിച്ച് പൊതുനന്മ ഫണ്ടിൽനിന്നും സാമ്പത്തികസഹായം നല്കുന്നതിനുള്ള പെർമിസിവ് സാങ്ഷൻ രജിസ്ട്രാർക്ക് കൊടുത്തിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കി നബാർഡ് ഒരു കത്ത് രജിസ്ട്രാർക്ക് കൊടുത്തു. നബാർഡ് അയച്ച കത്ത് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രജിസ്ട്രാർ തിരിച്ച് ഒരു കത്ത് നബാർഡിന് കൊടുത്തിട്ടുണ്ട്. നിലവിലുള്ള ചട്ടപ്രകാരമാണ് രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുള്ളത്. നബാർഡ് അയച്ചിരിക്കുന്ന കത്ത് പിൻവലിക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സഹകരണ ബാങ്കുകളോട് നിക്ഷേപകർക്കും ജനങ്ങൾക്കുമുള്ള വിശ്വാസം നിലനിർത്തണമെങ്കിൽ ആഡിറ്റ് കുറ്റമറ്റതാക്കണമെന്ന് അങ്ങ് പറയുകയുണ്ടായി. കേരളത്തിൽ ആഡിറ്റർമാരുടെയും ഇൻസ്പെക്ടർമാരുടെയും നിരവധി ഒഴിവുകൾ ഉണ്ട്. ആ ഒഴിവുകൾ നികത്തുന്നതിനു വേണ്ടി പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : ആഡിറ്റർമാരുടേയും ഇൻസ്പെക്ടർമാരുടേയും ഒഴിവുകളിൽ അടിയന്തിര നിയമനം നടത്തുന്നതിനുവേണ്ടി പി.എസ്.സി.യ്ക്ക് എഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി.എ. മജീദ് : സഹകരണമേഖലകളിൽ ഗ്രാമപ്രദേശത്ത് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളുടെ സമീപത്ത് ജില്ലാ ബാങ്കുകളുടെയും അർബൻ ബാങ്കുകളുടെയും ബ്രാഞ്ചുകൾ സ്ഥാപിച്ചിരിക്കുകയാണ്. ഇത് സഹകരണസംഘങ്ങളുമായിട്ടുള്ള സഹകരണത്തെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് ഗ്രാമപ്രദേശത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സമീപം അനിയന്ത്രിതമായി ബ്രാഞ്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഗവണ്മെന്റ് പുനഃപരിശോധന നടത്തുമോ?

ശ്രീ. എസ്. ശർമ്മ : അനിയന്ത്രിതമായി ബ്രാഞ്ചുകൾ അനുവദിക്കുക എന്നുള്ളത് ഒരിക്കലും ഒരു നിലപാടിന്റെയും ഭാഗമല്ല. ഏതെങ്കിലും ഒരു സഹകരണ സ്ഥാപനത്തെ ദുർബലപ്പെടുത്തിക്കൊണ്ട് ബ്രാഞ്ച് അനുവദിക്കുക എന്നുള്ളത് ഗവണ്മെന്റ് നിലപാടിന്റെ ഭാഗമല്ല. അങ്ങനെ അനുവദിച്ചിട്ടുള്ള ഏതെങ്കിലും ഒരു പ്രത്യേക സ്ഥലം ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിശോധിക്കാം.

ശ്രീ. കെ. പ്രകാശ് ബാബു : സംസ്ഥാനത്തെ മറ്റ് കൊമേഴ്സ്യൽ ബാങ്കുകളോട് കിടപിടിക്കത്തക്കനിലയിൽ സഹകരണബാങ്കുകളെ വളർത്തിക്കൊണ്ടുവരുന്നതിന് എൻ.ആർ.ഐ. അക്കൗണ്ടുകൾ പ്രധാനപ്പെട്ട പങ്ക് വഹിക്കാറുണ്ട്. ബഹുമാനപ്പെട്ട കെ.പി. സതീശ്ചന്ദ്രന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് റിസർവ് ബാങ്കുമായി ജില്ലാ ബാങ്കുകളിൽ എൻ.ആർ.ഐ. അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട് എന്നാണ്. ജില്ലാ ബാങ്കുകളോടൊപ്പം സംസ്ഥാനത്തെ എല്ലാ സർവ്വീസ് സഹകരണബാങ്കുകൾക്കും അതിന് എന്തെങ്കിലും മാനദണ്ഡം വയ്ക്കുന്നതിനോട് എനിക്ക് യോജിപ്പാണ്. സംസ്ഥാനത്തെ എല്ലാ സർവീസ് ബാങ്കുകളിലും എൻ.ആർ.ഐ. അക്കൗണ്ടുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി റിസർവ് ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതിന് ഗവണ്മെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. എസ്. ശർമ്മ : കൊമേഴ്സ്യൽ ബാങ്കുകളോടൊപ്പം എഫിഷ്യൻസി വികസിപ്പിച്ചെടുത്ത് ഫലപ്രദമായി നടത്തുവാൻ കഴിയുന്നതെന്ന് ഇപ്പോൾ കണക്കാക്കപ്പെടുന്നത് ജില്ലാ ബാങ്കുകളുടെ കാര്യങ്ങളിലാണ്. ആദ്യത്തെ സ്റ്റെപ്പ് ഇതാണ്. അതിനോടുള്ള നിലപാടും തീരുമാനവും വ്യക്തമാക്കിയ ശേഷം അങ്ങ് പറഞ്ഞ കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. ബാബു : അപ്പെക്സ് സ്ഥാപനത്തിലെയും ജില്ലാ ബാങ്കുകളിലെയും നിയമനം പി.എസ്.സി.ക്ക് വിട്ടതെന്നാണ്, പി.എസ്.സി.യിൽ നിയമനം നടക്കാത്തതിനു തടസ്സമായി സംവരണം സംബന്ധിച്ച് ഗവണ്മെന്റിന് എന്തെങ്കിലും കത്തെഴുതിയിട്ടുണ്ടോ; സഹകരണമേഖലയിൽ സംവരണം സംബന്ധിച്ച് ഗവണ്മെന്റിന്റെ നിലപാടെന്താണ്?

ശ്രീ. എസ്. ശർമ്മ; പി.എസ്.സി.ക്ക് വിട്ടത് 1995-ലാണ്. അപ്പെക്സ് ബോഡികളിലെയും ജില്ലാ ബാങ്കുകളിലെയും നിയമനം പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള തീരുമാനം ഈ നിയമസഭ എടുത്തതാണ്. അന്ന് കൊടുക്കുമ്പോൾ അതിന്റെ റൂൾസ് തയ്യാറാക്കപ്പെട്ടിരുന്നില്ല. തുടർന്ന് റൂൾസ് തയ്യാറാക്കിക്കൊണ്ട് പി.എസ്.സി. യുമായി നടന്ന ചർച്ചകളിൽ രണ്ടു മൂന്നു കണ്ടിഷൻ വച്ചിരുന്നു. സഹകരണ മേഖലയിൽ നിലനിൽക്കുന്നതായ വ്യവസ്ഥകൾക്ക് വിധേയമായിട്ട് കേന്ദ്ര സമീപനം സഹകരണ വകുപ്പു എടുത്തിരുന്നു. എസ്.സി./എസ്.ടി. ക്ക് റിസർവേഷൻ പത്തു ശതമാനം മാത്രമേയുള്ളൂ. സാമുദാ

LIBRARY ARCHIVES Kerala Legislative Assembly

യിക റിസർവേഷൻ സഹകരണചട്ടത്തിൽ പറയുന്നില്ല. സഹകരണ ചട്ടം അനുസരിച്ചുള്ള അപ്പോയിന്റ്മെന്റ് ആകാമെന്നു പറഞ്ഞിരുന്നു. പക്ഷെ പല പത്രങ്ങളിലും വാർത്ത വരികയുണ്ടായി. സംവരണം നിഷേധിക്കപ്പെടുന്നു എന്നുള്ളത്. എന്നാൽ ഈ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഭരണഘടനാ പ്രകാരം നിലനിൽക്കുന്നതായിട്ടുള്ള സാമുദായിക സംവരണം ബാധകമാക്കിക്കൊണ്ട് അപ്പോയിന്റ്മെന്റ് നടത്തുക എന്നുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആഡിറ്റ് പരിശോധനയ്ക്കുശേഷം കണ്ടുപിടിക്കപ്പെടുന്ന ക്രമക്കേടുകളും ന്യൂനതകളും പരിഹരിക്കാൻ തുടർ നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുണ്ടോ; അതിനു കാലതാമസം വരാറുണ്ടോ?

ശ്രീ. എസ്. ശർമ്മ : തുടർ നടപടികൾക്ക് കാലതാമസം വരുന്നു എന്നുള്ള പരാതികൾ പല രൂപത്തിൽ ഗവണ്മെന്റിന്റെ മുന്നിൽ വരാറുണ്ട്. പരാതിരഹിതമായി ആഡിറ്റിനു മുൻപും ശേഷവും കാര്യങ്ങൾ കൊണ്ടുപോകണമെന്നുള്ളത് ലക്ഷ്യംവച്ചുകൊണ്ടാണ് പ്രത്യേക സംവിധാനം ആഡിറ്റിനുണ്ടാക്കണം എന്നുള്ളത് ആക്ടിൽ നിർദ്ദേശിക്കപ്പെട്ടത്. ആഡിറ്റിനു പ്രത്യേകമായി ഒരു ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കുകയും, പ്രത്യേക ഡയറക്ടറെ നിയമിക്കുകയും ചെയ്യും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ.

സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ അനുമതി

4 (*183)ശ്രീ. ഉമ്മൻ ചാണ്ടി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് കൂടുതലായി അനുവദിക്കുന്നത് സംബന്ധിച്ച് ഗവണ്മെന്റ് നയം വെളിപ്പെടുത്തുമോ;

(ബി) സ്വാശ്രയ കോളേജുകൾ ആവശ്യമാണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് സർവകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ ഇത്തരം കോളേജുകൾ നടത്തുവാൻ അനുവാദം നൽകുമോ;

(ഡി) സ്വാശ്രയ കോളേജുകൾ സ്വകാര്യ മേഖലയിൽ അനുവദിക്കുകയില്ല എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly